**വർഷങ്ങളായി തുടരുന്ന ലാലൂരിന്റെ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പത്തിയൂർ ഗോപിനാഥ് രൂപം നൽകിയ, ലാലൂർ സമരസമിതി അംഗീകരിച്ച, ലാലൂർ മോഡൽ പ്രൊജക്ടും അട്ടിമറിക്കപ്പെടുകയാണ്. തുടർച്ചയായി വഞ്ചിക്കപ്പെട്ടുകൊണ്ടേയിരിക്കുന്ന ലാലൂർ വീണ്ടും പൂർവ്വാധികം ശക്തിയോടെ സമരകാഹളത്തിലേക്ക് എടുത്തുചാടാൻ ഒരുങ്ങുകയാണെന്ന് പി.എം. ജയൻ**

# 'ലാംപ്'അണയുമോ? ലാലൂരിൽ വീണ്ടും സമരചൂട്

**ക്ഷമയുടെ** നെല്ലിപ്പലകയെന്നത് ഇപ്പോൾ ലാലൂരുകാരെ സംബന്ധിച്ച് ഉള്ളിൽതട്ടാത്ത പ്രയോഗമായി മാറിയിരിക്കുന്നു. അഞ്ചു പതിറ്റാണ്ടിനു മീതെയായി മാലിന്യകൂമ്പാരത്തിന്റെ രൂക്ഷ സാമീപ്യം സൃഷ്ടിച്ച തീരാദുരിതത്തിന് പരിഹാരമായി ലാലൂരുകാർക്കുമുമ്പിൽ കോർപ്പറേഷനും ഭരണകൂടവും എന്തെന്ത് വ്യാമോഹങ്ങളാണ് വച്ചുനീട്ടിയത്. എല്ലാം മേമ്പൊടി ചികിത്സ മാത്രമായി പരിണമിക്കുകയും അന്തിമപരിഹാരം നീണ്ടു നീണ്ടു പോവുകയുമാണ് പതിവ്.

പേമാരിയും ദുരിതവും വന്നുമൂടുമ്പോൾ വിവിധ സമരരൂപങ്ങളായി പ്രതിഷേധം കത്തിയുയരുമെങ്കിലും പരിഹാരമാർഗത്തിനുമുന്നിൽ സമരമവസാനിപ്പിക്കുന്നവർ, ഒടുക്കം പരിഹാരമാർഗങ്ങളെല്ലാം പ്രത്യേകഘട്ടത്തിൽ അട്ടിമറിക്കപ്പെടുകയും വീണ്ടും സമരത്തിലേക്ക് എടുത്തുചാടുകയും ചെയ്യപ്പെടുന്നവർ. എല്ലാ മാലിന്യസംസ്ക്കരണപദ്ധതികളും തങ്ങളെ പറഞ്ഞുപറ്റിക്കാനുള്ള മാർഗങ്ങളാണെന്ന് തിരിച്ചറിഞ്ഞവർ കൂടിയായ ലാലൂരുകാർക്ക് ക്ഷമയുടെ മാത്രമല്ല ഇപ്പോൾ ജീവിതത്തിന്റെ തന്നെ നെല്ലിപ്പലക തകർന്നുകൊണ്ടിരിക്കയാണ്.

ഇത്ര നിരാശാജനകമായി ലാലൂർ സമരത്തിനെ ചുരുക്കിവിവരിക്കേണ്ടിവരുന്നതിൽ ചില വർത്തമാനസാഹചര്യമുണ്ട്. മേൽപ്പറഞ്ഞ പ്രകാരം 2009 ഡിസംബറിൽ അളമുട്ടിയെന്ന് പറഞ്ഞതുപോലെ ലാലൂരുകാർ ശക്തമായ സമരത്തിലേക്ക് എടുത്തുചാടി. ഡിസംബർ 14 ന് ലാലൂർ സമരസമിതിയുടെ നേതൃത്വത്തിൽ റിലേനിരാഹാരസമരം തുടങ്ങുകയും ചെയ്തു. സമരം മാസങ്ങൾ നീണ്ടുപോയിട്ടും സമരക്കാരുമായി സംസാരിക്കാൻ പോലും കോർപ്പറേഷൻ (എൽ.ഡി.എഫ്) ഭരണാധികാരികൾ തയ്യാറാകാത്ത സാഹചര്യത്തിൽ സമരക്കാർ അന്നത്തെ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനെ നേരിൽ കണ്ട് കാര്യം ബോധിപ്പിക്കുക

യായിരുന്നു. അങ്ങിനെയാണ് തൃശൂർ കോർപ്പറേഷൻ ഭരിക്കുന്ന എൽ.ഡി.എഫ് ഭരണത്തിന്റെ കുത്സിതതാൽപ്പര്യത്തെ പോലും മറികടന്ന് മുഖ്യമന്ത്രിയുടെ പിന്തുണയോടെ ലാലൂരുകാരുടെ പ്രശ്നത്തിന് ശാശ്വതപരിഹാരമെന്ന നിലയിൽ പത്തിയൂർ ഗോപിനാഥും അദ്ദേഹത്തിന്റെ ലാലൂർ മോഡൽ പ്രൊജക്ടും (ലാംപ്) രംഗപ്രവേശം ചെയ്തത്. കോർപ്പറേഷനിലെ വിവിധ ഭാഗങ്ങളിലായി മാലിന്യം സംസ്ക്കരിക്കുന്ന പദ്ധതി വരുമെന്ന ഉറപ്പ് കിട്ടിയതിനാലാണ് 115 ദിവസം നീണ്ടുനിന്ന ഐതിഹാസികമായ നിരാഹാരസമരം ഗാനഗന്ധർവ്വൻ യേശുദാസിന്റെയും മറ്റും സാന്നിധ്യത്തിൽ നിർത്തിവെച്ചത്.

**ഏറെ പ്രതീക്ഷയോടെ തുടങ്ങിയ പത്തിയൂർ പദ്ധതി ഒന്നരവർഷമായിട്ടും എങ്ങുമെത്തിയിട്ടില്ല. ഒന്നോ രണ്ടോ സ്ഥലത്ത് ചില ഇരുമ്പുവേലി കെട്ടിയും മറ്റും ചില പ്രാഥമികപ്രവർത്തി നടത്തിയതല്ലാതെ കാര്യമായ നിർമാണപുരോഗതി ഒന്നും ഇതുവരെ കാണാനില്ല. പദ്ധതി ഇഴഞ്ഞുനീങ്ങുന്നത് കണ്ടപ്പോൾതന്നെ ഈ പദ്ധതിയും അട്ടിമറിക്കപ്പെടുകയാണോ എന്ന സന്ദേഹം സമരസമിതിയും പ്രകടിപ്പിച്ചിരുന്നു. അത് ശരിവെക്കുന്ന തരത്തിലാണ് കോർപ്പറേഷൻ ഭരണസമിതിയുടെയും സർക്കാരിന്റെയും ഒപ്പം പത്തിയൂർ ഗോപിനാഥിന്റെയുമൊക്കെ നീക്കങ്ങൾ തെളിയിക്കുന്നത്**



ഒട്ടേറെ സാങ്കേതികപ്രശ്നവും പ്രതിഷേധവും തദ്ദേശസ്വയംഭരണവകുപ്പിന്റെ എതിർപ്പുമൊക്കെ മറികടന്ന് പത്തിയൂരിന്റെ പദ്ധതിക്ക് കോർപ്പറേഷൻ അംഗീകാരം കൊടുത്തപ്പോൾ അതിനെ ലാലൂർസമരസമിതിയും പിന്തുണച്ചു. ഹൈക്കോടതിയും സർവ്വകക്ഷിസമിതിയും പല വിദഗ്ധരും മുന്നോട്ടുവച്ച 'വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ രീതി' പത്തിയൂരിന്റെ പദ്ധതിയിൽ ഉണ്ടെന്ന് കണ്ടതോടെയാണ് സമരങ്ങളെല്ലാം അവസാനിപ്പിച്ച് ഈ പുതിയ പദ്ധതിക്ക് സമരസമിതി പിന്തുണ കൊടുത്തത്. പദ്ധതിക്കായി ഫണ്ട് വകയിരുത്തുകയും അത് പ്രയോഗത്തിൽ വരുത്തുന്നുവെന്ന് നോക്കാനായി ലാലൂരുകാർ അടക്കമുള്ള ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും ഫോം ചെയ്തു. തൃശൂരിൽ അഞ്ച് കേന്ദ്രങ്ങളിലായി മാലിന്യങ്ങൾ നിക്ഷേപിച്ച് സംസ്ക്കരിക്കുന്ന വികേന്ദ്രീകൃതസംസ്ക്കരണപദ്ധതിയായിരുന്നു പത്തിയൂരിന്റേത്. എന്നാൽ ഏറെ പ്രതീക്ഷയോടെ തുടങ്ങിയ പദ്ധതി ഒന്നരവർഷമായിട്ടും എങ്ങുമെത്തിയിട്ടില്ല. ഒന്നോ രണ്ടോ സ്ഥലത്ത് ഇരുമ്പുവേലി കെട്ടിയും മറ്റും ചില പ്രാഥമികപ്രവർത്തി നടത്തിയതല്ലാതെ കാര്യമായ നിർമാണപുരോഗതി ഒന്നും ഇതുവരെ കാണാനില്ല. ആഴ്ചകളും മാസങ്ങളും പിന്നിട്ടിട്ടും പദ്ധതി ഇഴഞ്ഞുനീങ്ങുന്നത് കണ്ടപ്പോൾതന്നെ ഈ പദ്ധതിയും അട്ടിമറിക്കപ്പെടുകയാണോ എന്ന സന്ദേഹം സമരസമിതിയും മറ്റു സാമൂഹ്യപ്രവർത്തകരും നേരത്തെ പ്രകടിപ്പിച്ചതായിരുന്നു. അത് ശരിവക്കുന്ന തരത്തിലാണ് പുതുതായി അധികാരത്തിലേറിയ കോർപ്പറേഷൻ ഭരണസമിതിയുടെയും സർക്കാരിന്റെയും ഒപ്പം പത്തിയൂർ ഗോപിനാഥിന്റെയുമൊക്കെ നീക്കങ്ങൾ തെളിയിക്കുന്നത്.

പഴയ മുഖ്യമന്ത്രിയുടെ പിന്തുണയോടെ വന്ന പത്തിയൂർ പദ്ധതിയെ യു.ഡി.എഫ് മുഖ്യമന്ത്രിയായ ഉമ്മൻ ചാണ്ടിയും പിന്തുണച്ചാണ് സംസാരിച്ചത്. ഈയിടെ മുഖ്യമന്ത്രി തൃശൂരിൽ എത്തിയപ്പോൾ സമരസമിതിക്കാർ മുഖ്യമന്ത്രിയെ അങ്ങോട്ട് ചെന്നുകണ്ടപ്പോൾ അറിയിച്ചിതായിരുന്നു ഇത്. എന്നാൽ അഞ്ച് സ്ഥലങ്ങളിൽ മൂന്ന് സ്ഥലങ്ങൾക്ക് മാത്രമേ കോർപ്പറേഷന്റെ അനുമതിയുള്ളൂ എന്നതാണ് ഇപ്പോഴത്തെ വൈരുധ്യം. മുൻകാലത്തേതുപോലെ ഇപ്പോഴും കേരളം ഭരിക്കുന്ന അതേ മുന്നണിതന്നെയാണ് തൃശൂർ കോർപ്പറേഷനും ഭരിക്കുന്നത്(അന്ന് എൽ.ഡി.എഫാണെങ്കിൽ ഇന്ന് യു.ഡി.എഫ്). എൽ.ഡി. എഫ് ഭരണകാലത്ത് ലാലൂരിൽ സമരമുയരുമ്പോൾ കോർപ്പറേഷനിൽ പ്രതിപക്ഷത്തുണ്ടായിരുന്ന യു.ഡി.എഫ് സമരത്തെ പരമാവധി ഉപയോഗിക്കുകയും ചില ഘട്ടത്തിൽ സമരത്തിന് പിന്തുണ കൊടുക്കുകയും ചെയ്തിരുന്നു(ആത്മാർത്ഥതയെ ചോദ്യം ചെയ്താൽ തെറ്റില്ല). എന്നാൽ അന്നത്തെ പ്രതിപക്ഷം ഇപ്പോൾ ഭരണപക്ഷത്തായപ്പോൾ അവരും അഴകൊഴമ്പൻ സമീപനമാണ് എടുക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കോർപ്പറേഷൻ വാങ്ങിത്തരാത്തതിനാലും ചില സ്ഥലങ്ങളിൽ(ശക്തനിലും, കോലോത്തുംപാടത്തും) പ്രതിഷേധത്തെ നേരിടാൻ പൊലീസി

നെ കിട്ടാത്തതിനാലും പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയില്ലെന്നാണ് പത്തിയൂർ തടസ്സമായി പറയുന്നത്. സമര സമിതിക്കാർ പറയുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വാങ്ങേണ്ടത് പത്തിയൂർ ഗോപിനാഥ് തന്നെയാണ് എന്നാണ് കോർപ്പറേഷന്റെ വിശദീകരണം.

അതിനിടയിൽ പി.സി. ചാക്കോ എം.പി യുടെ നേതൃത്വത്തിൽ വീണ്ടും മറ്റൊരു കേന്ദ്രീകൃത സംസ്ക്കരണപദ്ധതിയുടെ ആലോചനയും അണിയറയിൽ നടക്കുന്നുണ്ട്. കോയമ്പത്തൂരിൽ 250 ഏക്കറിൽ നടക്കുന്ന മാലിന്യസംസ്ക്കരണ കേന്ദ്രം നേരിൽ സന്ദർശിച്ച് അതിനെക്കുറിച്ച പഠിക്കാൻ മാസങ്ങൾക്കു മുമ്പ് ചിലർ അങ്ങോട്ടു പോകുകയും ചെയ്തിരുന്നു. കോർപ്പറേഷന്റെ പിന്തുണയോടെ നടക്കുന്ന ഈ പ്രക്രിയ മുന്നോട്ടുപോയാൽ തൃശൂരിലെ നിലവിലുള്ള കൂടുതൽ സ്ഥലമെന്നു പറയുന്ന ലാലൂരിൽതന്നെ ഇത് നടപ്പാക്കാനാണ് ആലോചനയെന്നും അറിയുന്നു.

യു.ഡി.എഫ്, എൽ.ഡി.എഫ് ഭരണത്തിലെല്ലാം ലാലൂരിൽ നടപ്പാക്കിയത് വൻകിട പദ്ധതികളാണെങ്കിലും ലാലൂരിലെ ജനതയ്ക്ക് അതു മൂലം വലിയ നേട്ടമൊന്നും ഉണ്ടായിട്ടില്ല. സർക്കാർ ഉത്തരവിറക്കി നടപ്പാക്കുന്ന ഒരു പദ്ധതി നിലവിലിരിക്കെ മറ്റു ചില ആലോചനകളുമായി രാഷ്ട്രീയക്കാർ മുന്നോട്ടുപോകുന്നത് സമരസമിതിയുടെ ആശങ്ക വീണ്ടും വർധിപ്പിച്ചിട്ടുണ്ട്. എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് അവർക്ക് സ്വീകാര്യനായ (അന്നത്തെ മുഖ്യമന്ത്രിക്ക്) പത്തിയൂരിനെ വച്ച് പദ്ധതിക്കായി ഇറക്കിയ ഉത്തരവിന്റെ പുറത്താണ് 'ലാംപ്' പദ്ധതി വന്നത്. ഇപ്പോൾ കേരളത്തിലും തൃശൂർ കോർപ്പറേഷനിലും ഭരണം മാറിക്കഴിഞ്ഞു. പദ്ധതി നടപ്പാക്കുന്നതിനായി സ്ഥലം കണ്ടെത്തുന്ന കാര്യത്തിലും മറ്റും ഇപ്പോൾ പ്രായോഗികപ്രശ്നമുണ്ടെന്ന വിലയിരുത്തൽ കോർപ്പറേഷനു മുന്നിലുള്ളതിനാൽ പഴയ ഉത്തരവ് തന്നെ റദ്ദാക്കപ്പെടാനിടയുണ്ടെന്ന സംശയവും നിലനിൽക്കുന്നു. ഇത്തരത്തിൽ ഒട്ടേറെ ദുരൂഹതകളും സംശയങ്ങളുടെയും പശ്ചാത്തലം അനുദിനം വർധിക്കുമ്പോഴും തൃശൂരിലെ മാലിന്യങ്ങളെല്ലാം എക്കാലത്തേയുംപോലെ ലാലൂരിൽതന്നെ എത്തുകയാണ്.

അവിടെ സംസ്ക്കരണപ്രക്രിയക്കായി ഉപയോഗിച്ചിരുന്ന മൂന്ന് ഓർഗൈവറിൽ ഒന്നു മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതുപയോഗിച്ചാണ് മാലിന്യം കുഴക്കുകയും വളമാക്കുകയും മറ്റുള്ളവ കുഴിച്ചിട്ട് മണ്ണിടുകയുമൊക്കെ നടക്കുന്നത്. മറ്റു പ്രക്രിയകളെല്ലാം പഴയപടിതന്നെ നടക്കുന്നതിനാൽ ലാലൂരുകാരുടെ സഹജമായ പ്രതിഷേധത്തിനും സമരവീര്യത്തിനും കാര്യമായ മാറ്റമൊന്നും വന്നിട്ടുമില്ല. കേന്ദ്രീകൃത പദ്ധതിയാണ് വീണ്ടും വരുന്നതെങ്കിൽ അതു ലാലൂരിനെ ലക്ഷ്യം വെക്കാനുമിടയുണ്ട്. ഈ സാഹചര്യത്തിൽ ഏറെ കാലമായി നിർത്തിവച്ച സമരം വീണ്ടും പുനരുജ്ജീവിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് ലാലൂർസമരസമിതി. ലാലൂർ സമരത്തിന് ജില്ലയ്ക്കുള്ളിലെയും പുറത്തെയും നിരവധി സംഘടനകളും സമിതികളുമൊക്കെ പിന്തുണയുമായി എന്നും രംഗത്തുണ്ടായിരുന്നു. അത്തരക്കാരെയൊക്കെ വിളിച്ചുകൂട്ടികൊണ്ട് ഈ വിഷയം വീണ്ടും സജീവചർച്ചയാക്കി ഭാവിപരിപാടികൾ ആലോചിക്കാൻ വിശദമായ കൺവെൻഷനും ചേർന്നുകഴിഞ്ഞു. അതിനാൽതന്നെ നിരന്തരം വഞ്ചിക്കപ്പെട്ടുകൊണ്ടേിരിക്കുന്ന ലാലൂർ പൂർവ്വാധികം ശക്തിയോടെ സമരകാഹളത്തിലേക്ക് എടുത്തുചാടുമോ എന്നാണ് തൃശൂരും ഒപ്പം കേരളവും ഉറ്റുനോക്കുന്നത്.

**നവംബർ 27**

## ബൈ നതിംഗ് ഡെ

ഒന്നും വാങ്ങാതെ ഒരു ദിവസം

ലോകമെങ്ങുമുള്ള സാമൂഹ്യ പ്രവർത്തകരും ആക്ടിവിസ്റ്റുകളും ഒരുദിവസം പൂർണ്ണമായും സാധനങ്ങളൊന്നും വാങ്ങാതെ ഉപഭോഗപ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ ആഹ്വാനം ചെയ്യുന്ന ദിനാചരണം

One day schOOl on health

ബോഡിട്രീ
ഇന്റിജീനസ് പീപ്പിൾ

വൈദ്യവിമുക്തമായ സമൂഹം യാഥാർത്ഥ്യമാക്കാൻ പ്രായഭേദമില്ലാതെ നിങ്ങൾക്കും പങ്കുചേരാം

**അടിസ്ഥാനതല ആരോഗ്യ സാക്ഷരതാ അദ്ധ്യാപനത്തിനുള്ള മൂന്നാഴ്ച ശില്പശാല**

**ജനുവരി 15 മുതൽ ഫെബ്രുവരി 5 വരെ**
**തിരുവനന്തപുരത്ത്**

തിരുവനന്തപുരത്ത് നിന്നും 50 കിലോമീറ്റർ അകലെ കല്ലാർ നദിയുടെ കരയിൽ ബോഡിട്രീയുടെ വൺഡേ സ്കൂൾ ഓൺ ഹെൽത്ത് ക്യാംപസിൽ വച്ചാണ് ശില്പശാല. ബന്ധങ്ങൾക്ക്: ബോഡിട്രീ, 27 കല്ലാർ, തിരുവനന്തപുരം
ഫോൺ : ഡോ. വിജയൻ, 9497569993. email: info@bodytree.org

നിങ്ങളുടെ ആരോഗ്യം സംതൃപ്തമാക്കാൻ ഉതകുന്ന ലളിതവും അവശ്യം അറിഞ്ഞിരിക്കേണ്ടതുമായ വഴികളെക്കുറിച്ച് പഠിക്കാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. ശ്വാസ പുന:പരിശീലനം, ഇരിപ്പ്, നടപ്പ്, ശരീരചലനം ഇവയുമായി ബന്ധപ്പെട്ട് ശരീരബോധം വർദ്ധിപ്പിക്കൽ, ദ്രവപോഷകാഹാര സന്തുലനം, സുരക്ഷിതമായ പച്ചമരുന്നുകളുടെ ഉപയോഗരീതികൾ തുടങ്ങിയ കാര്യങ്ങൾ ഞങ്ങൾ പഠിപ്പിക്കുന്നു. മൃഗങ്ങളെ ബാധിക്കാതെ മനുഷ്യനെ മാത്രം പിന്തുടരുന്ന കഫം, മൂക്കടപ്പ് മുതൽ അപസ്മാരം വരെയുള്ള നാനൂറോളം രോഗങ്ങൾ ശരിയായ ശ്വസന, ചലന ബോധം കൊണ്ട് പരിഹരിക്കാൻ കഴിയും. ആദി ആയുർവേദത്തെ അടിസ്ഥാനമാക്കി ആദിമ ആയുരാരോഗ്യ സങ്കൽപ്പങ്ങളുടെ ഗവേഷണങ്ങളും പഠനങ്ങളും ലളിതമായ ഭാഷയിൽ ഈ ശില്പശാലയിൽ വിശകലനം ചെയ്യുന്നു.